# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5723

02.07.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) ക്ഷീരഗ്രാമം പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. നടപ്പ സാമ്പത്തികവർഷത്തിലും 10 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനാണ് നടപടി സ്വീകരിച്ച് വരുന്നത്. |
| (ബി) രോഗ പ്രതിരോധശേഷിയും ഔഷധഗുണവും കൂടുതലുള്ള പാലുൽപ്പാദിപ്പിക്കുന്ന വയനാടൻ കുള്ളൻ എന്നറിയപ്പെടുന്ന നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ; | (ബി) ക്ഷീരവികസന വകുപ്പിന്റെ ഗോദാനം പദ്ധതിയിൽ വയനാടൻ കുള്ളൻ പശുക്കളെ വാങ്ങി സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.<br>രാജ്യത്തെ നാടൻ പശുക്കളുടെ ഇനങ്ങളെ അംഗീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഏജൻസി ആയ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസ് ആണ്. ഇതിൻ പ്രകാരം വെച്ചൂർ പശുക്കളെ കേരളത്തിലെ നാടൻ പശു ഇനമായി അംഗീകരിച്ചിട്ടുണ്ട്. വെച്ചൂർ പശുക്കളെ സംരക്ഷിക്കുവാനായി മൃഗസംരക്ഷണ വകുപ്പ്, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വയനാടൻ കുള്ളൻ ഇനത്തിൽപ്പെട്ട പശുക്കളെ സംരക്ഷിക്കുന്നതിനായി നിലവിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ വയനാടൻ കുള്ളൻ എന്നറിയപ്പെടുന്ന നാടൻ പശുക്കളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തരിശുനിലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ എത്ര ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചുവെന്ന് അറിയിക്കുമോ? | (സി) സർക്കാർ/പൊതുമേഖല സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസഹകരണ സംഘങ്ങളുടെ സഹായത്തോടെ തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഒരു ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി ചെയ്യുന്നതിന് 93007/- രൂപയുടെ ധനസഹായമാണ് നൽകുന്നത്. 2017-18-ലാണ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 162 ഹെക്ടർ തരിശായി കിടന്ന സ്ഥലത്ത് തീറ്റപ്പുൽക്കൃഷി നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ